# രാഷ്ട്രീയ ഗോകുൽ മിഷൻ – ദേശീയ ഗോപാൽ രത്ന പുരസ്ക്കാരം

**മാർഗ്ഗനിർദ്ദേശങ്ങൾ :-** രാജ്യത്തെ തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്ന ക്ഷീരകർഷകർക്ക് പ്രോൽസാഹനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ **"ദേശീയ ഗോപാൽ രത്ന പുരസ്ക്കാരം"** നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീരകർഷകരെയാണ് ദേശീയ ഗോപാൽ രത്ന പുരസ്ക്കാരത്തിനായി പരിഗണിക്കുന്നത്. ദേശീയ ഗോപാൽ രത്ന കാമധേനു പുരസ്ക്കാരത്തിന് അപേക്ഷ സമർപ്പിക്കുന്ന എല്ലാ അപേക്ഷകരേയും സംസ്ഥാനതല അവാർഡിനും പരിഗണിക്കുന്നതാണ്.

കേന്ദ്രസർക്കാർ **(എൻ.ബി.എ.ജി.ആർ)** അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത പുരസ്ക്കാരത്തിന് പരിഗണിക്കുവാൻ താൽപ്പര്യമുള്ളവർ (ക്ഷീരകർഷകർ) അടുത്തുള്ള മൃഗാശുപത്രിയിൽ നിന്നും സൗജന്യമായി ലഭിക്കുന്ന അപേക്ഷകൾ പൂരിപ്പിച്ച് 10/03/2017 നോ അതിന് മുൻപോ മൃഗാശുപത്രിയിൽ നൽകേണ്ടതാണ്.

മൃഗാശുപത്രിയിലെ വെറ്ററിനറി ഓഫീസർ പ്രാരംഭ പരിശോധന നടത്തി, പട്ടിക തയ്യാറാക്കി ജില്ലാ വെറ്ററിനറി ഓഫീസർക്ക് തുടർപരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്. പരിശോധനകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, ജില്ലാ വെറ്ററിനറി ഓഫീസർ മേലൊപ്പിട്ട് കെ.എൽ.ഡി. ബോർഡ് മാനേജിംഗ് ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്. സംസ്ഥാന നോമിനേഷൻ കമ്മിറ്റി എല്ലാ ജില്ലകളിലേയും അപേക്ഷകൾ പരിശോധിച്ച് സംസ്ഥാനത്ത് നിന്നും ദേശീയ ഗോപാൽ രത്ന പുരസ്ക്കാരത്തിന് പരിഗണിക്കേണ്ടവരുടെ അന്തിമപട്ടിക തയ്യാറാക്കി കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന് കൈമാറുന്നതാണ്.

ദേശീയ ഗോപാൽ രത്ന പുരസ്ക്കാരം മേഖലാടിസ്ഥാനത്തിലാണ് നൽകുന്നത്. ഇതിൽ കേരളം തെക്കൻ മേഖലയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ പുരസ്ക്കാര വിജയികളിൽ ആദ്യ സ്ഥാനം ലഭിക്കുന്ന വിജയിക്ക് 5 ലക്ഷം രൂപയും രണ്ടാം സ്ഥാനം ലഭിക്കുന്ന വിജയിക്ക് 3 ലക്ഷം രൂപയും മൂന്നാം സ്ഥാനം ലഭിക്കുന്ന വിജയിക്ക് 1 ലക്ഷം രൂപയും ലഭിക്കുന്നതാണ്.

സംസ്ഥാന ഗോപാൽ രത്ന പുരസ്ക്കാര വിജയിയ്ക്ക് 1 ലക്ഷം രൂപയും സമ്മാന മായി ലഭിക്കുന്നതാണ്.

**മാനേജിംഗ് ഡയറക്ടർ**